27
2025
മാർച്ച്
വ്യാഴം
മീനം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.107 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-107 പേജ് 4. വില 2.00 രൂപ




02 ഏത് ദുരന്തത്തെയും കേരളം അതിജീവിക്കും
03 എഎംആർ പ്രതിരോധം കേരളം മാതൃകയെന്ന് സിഎസ്ഇ റിപ്പോർട്ട്
04 ഗർഭകാലത്ത് സന്തോഷകരമായ മാനസികാരോഗ്യം അമ്മയ്ക്കും കുഞ്ഞിനും ഉറപ്പാക്കണം

# വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധന തുറമുഖം



തിരുവനന്തപുരം: വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധന തുറമുഖ വികസനത്തിന് 271 കോടി രൂപയുടെ പദ്ധതി. പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിനും വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന കവാടത്തിൽ സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ബ്രേക്ക് വാട്ടർ നിർമ്മാണവും സിഡബ്ല്യൂപിആർസി സമർപ്പിച്ച അന്തിമ രൂപരേഖയുടെ അടിസ്ഥാനത്തിൽ രണ്ടു പാക്കേജുകളായി നിർവ്വഹിക്കും.

കൺസെഷൻ കരാറിലെ ഫണ്ടഡ് വർക്ക് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൺസെഷനയർ (അഢജജഘ) മുഖേന 235 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ, 500 നീളമുള്ള ഫിഷറി ബെർത്ത്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ 146 കോടി രൂപ ചിലവഴിച്ച് പാക്കേജ് 1 ആയി നടപ്പിലാക്കും. നിലവിലുള്ള ഫിഷിംഗ് ഹാർബറിന്റെ സിവേർഡ് ബ്രേക്ക് വാട്ടറിൽ നിന്നും 45 ഡിഗ്രി ചരിവിൽ 250 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ നിർമ്മാണം 125 കോടി രൂപ ചിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി പാക്കേജ് 2 ആയി നടപ്പിലാക്കും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി; വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിന് (ഢഏഎ) കേന്ദ്ര സർക്കാർ വിഹിതമായ 817.80 കോടി രൂപ സ്വീകരിക്കാൻ തീരുമാനിച്ചു. ഇതിന് സംസ്ഥാന സർക്കാർ നെറ്റ് പ്രസൻറ് വാല്യു വ്യവസ്ഥയിൽ തുക തിരിച്ചടക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

# നിയമവിരുദ്ധ ലൈറ്റ് ഫിഷിംഗ്: ട്രോളർ ബോട്ടുകൾ പിടിയിൽ

വിഴിഞ്ഞം: നിയമവിരുദ്ധമായലൈറ്റ് ഫിഷിംഗിനായി അതിർത്തി കടന്നെത്തിയ തമിഴ്നാട് ട്രോളർ ബോട്ട് വിഴിഞ്ഞം മറൈൻ എൻഫോഴ്സ്മെൻറ് പിടികൂടി. മൂവായിരത്തിൽപ്പരം വാട്സ് ശക്തിയുള്ള 15 എൽഇഡി ബൾബുകളും കണ്ടെത്തി.വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ എസ്. രാജേഷിന്റെ നിർദേശപ്രകാരം മറൈൻ എൻഫോഴ്സ്മെൻറ് സിവിൽ പോലീസ് ഓഫീസർ അനന്തു, ലൈഫ് ഗാർഡുമാരായ ബനാൻഷ്യസ്, രാജൻ ക്ളീറ്റസ്, വിൽസൻ എന്നിവർ മറൈൻ ആംബുലസിൽ നടത്തിയ പട്രോളിംഗിനിടെയാണ് തമിഴ്നാട് തൂത്തൂർ സ്വദേശിയായ ജെയിൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ട്രോളർ ബോട്ട് കസ്റ്റഡിയിൽ എടുത്തത്. വിഴിഞ്ഞത്തുനിന്ന് ആറുകിലോമീറ്റർ ഉള്ളിലായിരുന്നു പരിശോധന. തുടർനടപടി ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിന്റെ ഭാഗമായിട്ടായിരുന്നു ഇന്നലെ പരിശോധന. രാത്രിയിൽ അമിത വെളിച്ചം ഉപയോഗിച്ചു മത്സ്യക്കൂട്ടങ്ങളെ ആകർഷിച്ച് ചെറു മത്സ്യങ്ങൾ ഉൾപ്പെടെയാണ് ഇവർ പിടിച്ചെടുക്കുന്നത്. ബോട്ടിന്റെ ഉടമയ്ക്കെതിരെ കേരള മത്സ്യബന്ധന നിയന്ത്രണ നിയമപ്രകാരം നടപടി സ്വീകരിക്കും. മത്സ്യസമ്പത്ത് കുറയാൻ കാരണമാകുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നടപടി കർശനമാക്കുമെന്നും ഫിഷറീസ് അധികൃതർ അറിയിച്ചു.

## ആശാപ്രവർത്തകരുടെയും അങ്കണവാടി ജീവനക്കാരുടെയും സമരം

# കോൺഗ്രസ് ധർണ്ണ നടത്തി

തിരുവനന്തപുരം: ആശാവർക്കർമാരുടെ സമരം ഒത്തുതീർപ്പാക്കുക, അങ്കണവാടി ജീവനക്കാരുടെ വേതന വർധന ഉൾപ്പെടെയുള്ള അംഗീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ ഓഫീസുകൾക്ക് മുന്നിലും നടന്ന ധർണ്ണയിൽ പ്രതിഷേധമിരമ്പി. തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിന് മുന്നിൽ കെ. മുരളീധരൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. കെപിസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി എം. ലിജു, കെപിസിസി ജനറൽ സെക്രട്ടറി ജി. എസ്. ബാബു, രാഷ്ട്രീയകാര്യ സമിതി അംഗം വി. എസ്. ശിവകുമാർ, തുടങ്ങിയവർ പങ്കെടുത്തു. പത്തനംതിട്ട വെച്ചൂച്ചിറ പഞ്ചായത്തിൽ മുൻ കെപിസിസി പ്രസിഡന്റ് വി. എം. സുധീരൻ ധർണ്ണ ഉദ്ഘാടനം ചെയ്ത ധർണ്ണയിൽ, കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു, ഡിസിസി പ്രസിഡന്റ് സതീഷ് കൊച്ചുപറമ്പിൽ എന്നിവരും പങ്കെടുത്തു.

# മര്യാദയോടെയല്ല ലോക്സഭയിൽ പെരുമാറുന്നത്; രാഹുലിനെ ശകാരിച്ച് സ്പീക്കർ; പ്രതിഷേധിച്ച് പ്രതിപക്ഷം

ന്യൂഡൽഹി: ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരേ രൂക്ഷ വിമർശനവുമായി സ്പീക്കർ ഓം ബിൽള. രാഹുൽ മര്യാദയോടെയല്ല സഭയിൽ പെരുമാറുന്നതെന്ന് സ്പീക്കർ വിമർശിച്ചു.

നേരത്തെയും അച്ഛനമ്മമാരും സഹോദരങ്ങളുമൊക്കെ സഭയിൽ അംഗങ്ങളായിട്ടുണ്ട്. അവരെല്ലാം മര്യാദ പാലിച്ചാണ് സഭയ്ക്കകത്ത് പെരുമാറിയിട്ടുള്ളത്. പ്രതിപക്ഷത്തുള്ള മറ്റ് അംഗങ്ങളെ നിലയ്ക്ക് നിർത്താൻ രാഹുൽ ശ്രദ്ധിക്കണമെന്നും സ്പീക്കർ പറഞ്ഞു.

ഉച്ചയ്ക്ക് ഒന്നോടെ സഭ പിരിയുന്നതിന് തൊട്ടുമുമ്പായിരുന്നു സ്പീക്കറുടെ അപ്രതീക്ഷിതമായ പ്രതികരണം. എന്നാൽ ഏത് സാഹചര്യത്തിലാണ് വിമർശനമുന്നയിച്ചതെന്ന് സ്പീക്കർ വ്യക്തമാക്കിയില്ല.

രാഹുലിനെ ശകാരിച്ചതിൽ പ്രതിഷേധിച്ച് 70 കോൺഗ്രസ് എംപിമാർ സ്പീക്കറെ കണ്ടു. രാഹുലിന് വിശദീകരണത്തിന് സ്പീക്കർ സമയം അനുവദിച്ചില്ലെന്നും എംപിമാർ അറിയിച്ചു. എന്നാൽ തന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുതെന്നായിരുന്നു എംപിമാരോടുള്ള് സ്പീക്കറുടെ മറുപടി.

അതേസമയം എന്തിനാണ് ശകാരിച്ചതെന്ന് മനസിലായില്ലെന്നും തനിക്ക് മറുപടി പറയാൻ അവസരം കിട്ടിയില്ലെന്നും രാഹുൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

# ആശ്രിത നിയമനത്തിൻെറ മാനദണ്ഡങ്ങൾ പുതുക്കി സംസ്ഥാന സർക്കാർ

തിരുവനന്തപുരം: ആശ്രിത നിയമനത്തിൻറെ മാനദണ്ഡങ്ങൾ പുതുക്കി സംസ്ഥാന സർക്കാർ. സർവീസിലിരിക്കെ മരിക്കുമ്പോൾ 13 വയസ് തികഞ്ഞ മക്കൾക്ക് മാത്രമേ ഇനി ആശ്രിത നിയമനം വഴി ജോലി ലഭിക്കൂ.

സർവീസ് നീട്ടികൊടുക്കൽ വഴിയോ പുനർനിയമനം മുഖേനയോ സർവ്വീസിൽ തുടരുകയും ആ സമയത്ത് മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് അർഹതയുണ്ടായിരിക്കില്ല. മരണപ്പെട്ട ജീവനക്കാരൻറെ കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്നതുമാണ് പുതിയ വ്യവസ്ഥകൾ.

പതിമൂന്ന് വയസ് പ്രായപരിധി വെക്കുന്നതിൽ സർവ്വീസ് സംഘടനകൾ കടുത്ത വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ അത് മന്ത്രിസഭാ യോഗം കണക്കിലെടുത്തില്ല. ആശ്രിത നിയമനം വേണ്ടാത്തവർക്ക് സമാശ്വാസ ധനം അടക്കം നിർദ്ദേശങ്ങൾ ഉയർന്ന് വന്നെങ്കിലും അക്കാര്യവും പുതുക്കിയ മാനദണ്ഡങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

പൊതുഭരണ വകുപ്പ് തയ്യാറാക്കുന്ന ഏകീകൃത സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് ആശ്രിത നിയമനത്തിനായി ഒഴിവുകൾ അനുവദിച്ച് നൽകുന്നത്. വിവിധ വകുപ്പുകളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് അപ്ഡേറ്റ് ചെയ്യും.

ഏകീകൃത സോഫ്റ്റുവെയറിൽ അപേക്ഷിക്കാവുന്ന തസ്തികകളുടെ യോഗ്യത, ലഭ്യമായ ഒഴിവുകൾ എന്നിവ പ്രസിദ്ധീകരിക്കും 18 വയസ്സു കഴിഞ്ഞാൽ മൂന്ന് വർഷത്തിനകം അപേക്ഷിക്കണമെന്ന വ്യവസ്ഥയും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ബിജെപിക്കും ആർഎസ്എസിനും വേണ്ടി എന്ത് വൃത്തികേടും ഇഡി ചെയ്യും: എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: ബിജെപിക്കും ആർഎസ്എസിനും വേണ്ടി എന്ത് വൃത്തികേടും ഇഡി ചെയ്യുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. കൊടകര കേസിൽ ഇഡി സംരക്ഷിച്ചത് ബിജെപിയുടെ താത്പര്യമെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ബിജെപി നേതാക്കളെ കുറ്റവിമുക്തരാക്കിയത് ഇഡി രാഷ്ട്രീയ പ്രേരിത ഏജൻസിയെന്ന സിപിഎം വാദം ശരിവെക്കുന്നതാണെന്നും ഗോവിന്ദൻ പറഞ്ഞു.

'കുഴൽപ്പണ വിനിമയം കേരളാ പോലീസ് അന്വേഷിച്ച് കേസിൻറെ സ്വഭാവം വച്ചാണ് കേന്ദ്ര ഏജൻസിക്ക് കൈമാറിയത്. ബിജെപി നേതാക്കൾക്ക് പോറൽ വരാത്ത വിധം ചാഃജ്ജ് ഷീറ്റ് ഇഡി തിരുത്തി. ബിജെപി താത്പര്യം സംരക്ഷിച്ചാണ് ഇഡി കോടതിയിൽ റിപ്പോർട്ട് നൽകിയത്. 'എം. വി. ഗോവിന്ദൻ പറഞ്ഞു.

രാഷ്ട്രീയ പ്രേരിത ഇഡിക്കെതിരെ 29 ന് കൊച്ചി ഇഡി ഓഫീലേക്ക് മാർച്ച് നടത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ആറ് ചാക്കിൽ പണം കെട്ടി കടത്തിയത് തിരൂർ സതീഷ് പറഞ്ഞിട്ടും ഇഡി മൊഴി പോലുമെടുത്തില്ലെന്ന് എംവി ഗോവിന്ദൻ വിമർശിച്ചു.

'ഓഫീസ് സെക്രട്ടറിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേരള പോലീസ് കേസെടുത്തു. കെ സുരേന്ദ്രൻറെ അറിവോടെയാണ് ഇടപാട് നടന്നത്. വസ്തുതകൾ സംസ്ഥാന സർക്കാർ പുറത്ത് കൊണ്ട് വന്നിട്ടുണ്ട്. കേന്ദ്ര ഏജൻസികൾ അതൊന്നും കണക്കിലെടുത്തില്ല. ' ഗോവിന്ദൻ പറഞ്ഞു.

# കത്തോലിക്കാസഭയുടെ പ്രബോധനങ്ങളിൽ വെള്ളം ചേർക്കരുത്: ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി

കൊല്ലം: ഭ്രൂണഹത്യ, വന്ധ്യംകരണം, കൃത്രിമ കുടുംബാസൂത്രണ മാർഗങ്ങൾ തുടങ്ങിയവയെല്ലാം മാരക തിന്മകളാണെന്നും ഇതിൽ ചിലതിൽ വെള്ളം ചേർത്തുള്ള പഠനങ്ങളും പ്രവർത്തികളും ദൈവസന്നിധിയിൽ വിരുദ്ധമാണെന്നും കൊല്ലം രൂപതാധ്യക്ഷനും കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാനുമായ ബിഷപ് ഡോ. പോൾ ആൻറണി മുല്ലശ്ശേരി.

ഫ്രാൻസിസ് പാപ്പ നൽകിയ 'സ്പേസ് നോൺ കൊൺഫൂന്തിത് ' പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്ന പേപ്പൽ ബൂള വഴി ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ട 2025ലെ ജൂബിലി വർഷത്തിൻറെ ഭാഗമായി കൊല്ലം രൂപത പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ ഫാത്തിമ ഷ്റയിനിൽ നടത്തിയ അന്തർദേശീയ പ്രോലൈഫ് ദിനാഘോഷവും വലിയ കുടുംബങ്ങളുടെ സംഗമവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അഗസ്റ്റിൻ മുക്കാട്, ജാകിലിൻ, ജോസഫ് മല്യർ എന്നിവരുടെ നേതൃത്വത്തിൽ പ്രാർഥനയോടെ പ്രോലൈഫ് ദിനാചരണം ആരംഭിച്ചു. തുടർന്ന് ഫാ. സേവ്യർ ലാസർ ക്ലാസ് നയിച്ചു. ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരിയുടെ മുഖ്യകാർമികത്വത്തിലും ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ഷാജൻ, ഫാ. ഹ്യൂബർട്ട് എന്നിവരുടെ സഹകാർമികത്വത്തിലും ദിവ്യബലി നടന്നു.

പ്രോലൈഫ് രൂപത കോർഡിനേറ്റർ ജോർജ് എഫ് സേവ്യർ വലിയവീട് അധ്യക്ഷത വഹിച്ചു.

ഫാ. ഷാജൻ വർഗീസ് അനുഗ്രഹ പ്രഭാഷണം നടത്തി. കെ സിബിസി പ്രോലൈഫ് സമിതി ജനറൽ സെക്രട്ടറി ഇഗ്നേഷ്യസ് വിക്ടർ, രൂപതയിലെ വലിയകുടുംബങ്ങളുടെ കോർഡിനേറ്റർ അഗസ്റ്റിൻ മുക്കാട്, കെസി ബിസി വിമൻസ് കമ്മീഷൻ മുൻ എക്സിക്യൂട്ടീവ് സെക്രട്ടറി ജെയിൻ ആൻസിൽ ഫ്രാൻസിസ്,

കെസിബിസി മദ്യവിരുദ്ധസമിതി കൊല്ലം രൂപത ജനറൽ സെക്രട്ടറി എ. ജെ. ഡിക്രൂസ്, കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി മുൻ എക്സിക്യൂട്ടീവ് അംഗം സിസ്റ്റർ അമൃത എന്നിവർ പ്രസംഗിച്ചു. ജോസ്ഫിൻ ജോർജ് വലിയവീട്, ഹിലാരിയോസ്, ഗബ്രിയേൽ എന്നിവർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. 1999 മുതൽ വിവാഹിതരായ നാലോ അതിലധികമോ മക്കളുള്ള അറുപതോളം കുടുംബങ്ങളെ ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി മെമെൻറോ നൽകി അദരിച്ചു.



# ഏത് ദുരന്തത്തെയും കേരളം അതിജീവിക്കും



**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

വയനാട് ടൗൺഷിപ്പിന്റെ ശിലാസ്ഥാപനം നടക്കുന്ന ഈ ദിനത്തിൽ കഴിഞ്ഞ ജൂലൈ 30 ലേക്കാണ് എന്റെ ഓർമ്മകൾ പോകുന്നത്. തൊട്ടടുത്ത ദിവസം തന്നെ മുണ്ടക്കൈയിലും ചൂരൽമലയിലും ചെന്നപ്പോൾ കണ്ട കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. എന്നാൽ, കൂട്ടായ ഇടപെടലുകളെ തുടർന്ന് അതിവേഗത്തിൽ തന്നെ രക്ഷാപ്രവർത്തനം പൂർത്തിയാക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്രമീകരിക്കാനും നമുക്കു കഴിഞ്ഞു.

ഒരു വ്യക്തിയെയും ഒരു വകുപ്പിനെയും ഒരു സംഘടനയെയും പേരെടുത്തു പരാമർശിക്കുന്നില്ല. എല്ലാവരും കൈമെയ്യ് മറന്നു സഹകരിച്ചു. നാമെല്ലാവരും ഒരു മനസ്സോടെയാണ് നീങ്ങിയത്. നമ്മുടെ ഒത്തൊരുമയുടെയും ഐക്യത്തിന്റെയും ഫലമായാണ് നാമിന്നീ നിലയിൽ എത്തി നിൽക്കുന്നത്. വെറും 9 മാസത്തിനുള്ളിൽ നമുക്ക് വയനാട്ടിൽ ഒരു ടൗൺഷിപ്പിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നുവെന്നത്, എത്ര വലിയ ദുരന്തത്തെയും അതിജീവിക്കാൻ ശേഷിയുള്ള നാടായി കേരളം മാറുന്നു എന്നതിന്റെ നിദർശനമാണ്.

കേരളം എന്നെടുത്തു പറയാൻ കാരണം, ഇത് നാം നമ്മുടെ സ്വന്തം പ്രയത്നവും വിഭവവും കൊണ്ട് സാധ്യമാക്കുന്നതാണ് എന്നതുകൊണ്ടാണ്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നമ്മൾ യൂണിൻ സർക്കാരിനോട് ഒരു പാക്കേജ് ആവശ്യപ്പെട്ടിരുന്നു, കിട്ടിയില്ല. കടം തന്നു, ചുരുങ്ങിയ സമയംകൊണ്ട് അത് ചെലവഴിക്കണമെന്ന് പറയുകയും ചെയ്തു. കടമല്ല പാക്കേജ് എന്നു കൊച്ചു കുട്ടികൾക്കു പോലും അറിയാം. എന്താണ് തടസ്സം എന്നുമാത്രം ആരും പറഞ്ഞില്ല. പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്സ്മെന്റ് നടത്തി 2,221 കോടി രൂപയാണ് നമുക്കാവശ്യമായി വരിക എന്നു നമ്മൾ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. എന്നിട്ടും അനുകൂലമായ ഒരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ, ഒരു രേഖ പോലും സമർപ്പിക്കാത്തവർക്കു വരെ വാരിക്കോരി കൊടുക്കുന്നതു നമ്മൾ ഇതിനിടയിൽ കണ്ടു.

ഏതായാലും രാജ്യം ഭരിക്കുന്നവർ എന്ത് തന്നാലും ഇല്ലെങ്കിലും കേരളം അതിജീവിക്കും എന്നു നമ്മൾ പ്രവൃത്തിയിലൂടെ കാണിച്ചു കൊടുക്കുകയാണ്. കേരളത്തിൽ നല്ലവരായ മനുഷ്യരുണ്ട്, സംഘടനകളുണ്ട്, സ്ഥാപനങ്ങളുണ്ട്. നമ്മുടെ പ്രവാസി സഹോദരങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലായുണ്ട്. അവരുടെയെല്ലാം നിർലോഭമായ സഹകരണം നമുക്കു ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. അവയെല്ലാം ഏറ്റവും മികച്ച രീതിയിൽ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് നമ്മൾ വയനാട്ടിൽ ടൗൺഷിപ്പ് യാഥാർത്ഥ്യമാക്കുന്നത്.

എത്രയൊക്കെ പുനർനിർമ്മാണം നടത്തിയാലും നികത്താനാകാത്ത നഷ്ടമാണ് നമുക്ക് സംഭവിച്ചത്. 266 മനുഷ്യജീവനുകളാണ് നഷ്ടമായത്. 32 പേരെയാണ് കാണാതായത്. ദുരന്തമുഖത്ത് വിറങ്ങലിച്ചു നിൽക്കാതെ കഴിഞ്ഞ ഒൻപത് മാസമായി ദുരന്തത്തെ അതിജീവിച്ചവരെ കൈപിടിച്ചു മുന്നോട്ടു നയിക്കുകയാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതിനിയും തുടരുക തന്നെ ചെയ്യും.

ദുരന്തം നടന്ന് 15 ദിവസത്തിനുള്ളിൽ തന്നെ ദുരന്തബാധിതരായ എല്ലാ കുടുംബങ്ങളെയും വാടക വീടുകളിൽ എത്തിച്ചു. ദിവസവേതന ജീവനോപാധി സഹായം എല്ലാവർക്കും ലഭ്യമാക്കി. പുനരധിവാസം പൂർത്തിയാകുന്നതു വരെ എല്ലാ മാസവും പലവ്യഞ്ജന കൂപ്പണുകൾ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ ഓരോ കുടുംബത്തെയും സാമ്പത്തിക സ്വയംപര്യാപ്തതയിലേക്ക് നയിക്കാൻ കഴിയുന്ന മൈക്രോ പ്ലാനുകൾ കുടുംബശ്രീ മുഖേന തയ്യാറാക്കിയിട്ടുണ്ട്.

എല്ലാവരും കൂട്ടായി പ്രവർത്തിച്ചു എന്നത് എടുത്തുപറയേണ്ടതാണ്. വിവിധ രാഷ്ട്രീയ പാർട്ടികൾ ഒരേ മനസ്സോടെ വയനാടിന്റെ പുനരധിവാസത്തിനായി മുന്നോട്ടുവന്നു. സന്നദ്ധ പ്രവർത്തകരും സന്നദ്ധ സംഘടനകളും സർക്കാരിനൊപ്പം കൈകോർത്തു. ഇത്തരത്തിൽ വലിയ തോതിലുള്ള ഐക്യം വയനാടിന്റെ പുനരധിവാസത്തിലുണ്ടായി.

ഈ ഐക്യം ചിലർക്ക് അസ്വസ്ഥതയുണ്ടാക്കി. പുനരധിവാസ പ്രവർത്തനങ്ങളെ എങ്ങനെ ഇല്ലാതാക്കാം എന്നാണ് അക്കൂട്ടർ ചിന്തിച്ചത്. അതിനായി വ്യാജ വാർത്തകൾ പോലും സൃഷ്ടിച്ചു. പക്ഷെ, അതിനെയെല്ലാം കേരളത്തിന്റെ ഐക്യം കൊണ്ട് നമ്മൾ മറികടന്നു. അതിന്റെ ദൃഷ്ടാന്തമാണ് ഇന്ന് ശിലാസ്ഥാപനം നടത്തപ്പെടുന്ന ടൗൺഷിപ്പ്.

ടൗൺഷിപ്പിൽ വീട് കിട്ടാനോ 15 ലക്ഷം രൂപയുടെ ധനസഹായം ലഭിക്കാനോ അർഹതയുള്ളവരെ കണ്ടെത്തുന്നതിന് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചു. ഉരുൾപൊട്ടൽ നേരിട്ടു ബാധിച്ച ഇടങ്ങൾ, അവശിഷ്ടങ്ങൾ വന്നുപതിച്ച ഇടങ്ങൾ, നോ ഗോ സോൺ, എന്നിവിടങ്ങളിൽ വസിച്ചിരുന്ന കുടുംബങ്ങളെ ഇതിനായി കണ്ടെത്തി. ഉരുൾപൊട്ടൽ കാരണം ജനവാസമില്ലാതായതിനാൽ ഒറ്റപ്പെട്ടുപോകുന്ന കുടുംബങ്ങൾ, നോ ഗോ സോൺ അതിർത്തിയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ വസിക്കുന്ന കുടുംബങ്ങൾ എന്നിവരെയും മാനദണ്ഡങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി.

ഹൈക്കോടതിയുടെ മുമ്പാകെ ഉൾപ്പെടെ ഈ മാനദണ്ഡങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിലാണ് മൂന്ന് പട്ടികകൾ തയ്യാറാക്കിയത്. ഫെയ്സ് ഒന്നിൽ 242 കുടുംബങ്ങളാണ് അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഫെയ്സ് രണ്ട് എ, രണ്ട് ബി എന്നിവയിലെ അന്തിമ പട്ടികയിൽ 160 കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. അങ്ങനെ 402 കുടുംബങ്ങൾക്കാണ് ടൗൺഷിപ്പിൽ താമസ സൗകര്യം ഒരുക്കുന്നത്.

ദുരന്തബാധിത മേഖലയെ പുനർനിർമ്മിക്കുന്നതിനുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയാണ്. 725 കോടി രൂപയാണ് അതിൽ നിന്നു ചെലവഴിക്കുക. സ്ഥലമേറ്റെടുക്കൽ, ടൗൺഷിപ്പുകളുടെയും വീടുകളുടെയും പൊതുസംവിധാനങ്ങളുടെയും നിർമ്മാണം എന്നിവയ്ക്കാകും ഈ തുക പ്രധാനമായും വിനിയോഗിക്കുക.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 120 കോടി രൂപ ചിലവഴിക്കും. അതിലൂടെ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ റോഡ്, വൈദ്യുതി സംവിധാനങ്ങൾ പുനർനിർമ്മിക്കും. ഇതിനു പുറമെ താൽക്കാലിക പുനരധിവാസ കേന്ദ്രവും വന്യജീവി പ്രതിരോധത്തിനുള്ള സംവിധാനങ്ങളും കുടിവെള്ള വിതരണ സംവിധാനങ്ങളും അതിലൂടെ ഒരുക്കും.

ദുരന്ത പ്രതികരണ നിധിയിൽ നിന്ന് തുക വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ഹൈക്കോടതിയെ സമീപിക്കേണ്ടി വന്നു എന്നത് പരാമർശിക്കാതിരിക്കാനാവില്ല. സംസ്ഥാനം ആവശ്യപ്പെട്ട അടിയന്തര സഹായം നിഷേധിച്ചതു കൊണ്ടാണ് ഇത്തരമൊരു നടപടി സ്വീകരിക്കേണ്ടിവന്നത്.

സ്പെഷ്യൽ അസിസ്റ്റന്റ് ഫോർ സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിയൻ സർക്കാർ സംസ്ഥാന സർക്കാരിന് 529 കോടി രൂപ കടമായി ലഭ്യമാക്കിയിട്ടുണ്ട്. ഇതു മുഖേന എൽസ്റ്റോൺ - നെടുമ്പാല ടൗൺഷിപ്പുകളിലെ പൊതു കെട്ടിടങ്ങളും റോഡുകളും നിർമ്മിക്കും. പുന്നപ്പുഴയുടെ സൈഡ് വാൾ നിർമ്മിക്കുന്നതിനും മുട്ടിൽ - മേപ്പാടി റോഡ് നിർമ്മിക്കുന്നതിനും ചൂരൽമല പാലം നിർമ്മിക്കുന്നതിനും വെള്ളാർമല സ്കൂൾ, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒക്കെ ഈ തുകയാവും വിനിയോഗിക്കുക. സംസ്ഥാന സർക്കാർ ഈ പണം തവണകളായി യൂണിയൻ സർക്കാരിനു തിരിച്ചു നൽകും.

പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതോടൊപ്പം തന്നെ പ്രകൃതിദുരന്തങ്ങളിൽ നിന്നു രക്ഷ തേടുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കുകയാണ്. ഇതിന്റെ ഭാഗമായി പനമരത്ത് ആധുനിക എക്സ്ബാൻഡ് റഡാർ സ്ഥാപിച്ചിട്ടുണ്ട്. കവചം എന്ന പേരിലുള്ള മുന്നറിയിപ്പ് സംവിധാനം വയനാട്ടിൽ അഞ്ചിടത്താണ് നിലവിലുള്ളത്. അത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കും. വളർത്തുമൃഗങ്ങളെ ദുരന്ത ഘട്ടത്തിൽ സംരക്ഷിക്കുന്നതിനുള്ള താൽക്കാലിക ഷെൽറ്ററുകൾ ഒരുക്കുകയാണ്.

ജില്ലാ പഞ്ചായത്ത്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന സർവ്വകലാശാലകൾ, എന്നിവയുടെ എല്ലാം കൂട്ടായ പ്രവർത്തനം ഇക്കാര്യങ്ങളിൽ ഉണ്ടാകുന്നുണ്ട്. ഹെലിപ്പാഡ്, അഗ്നിരക്ഷാ കേന്ദ്രങ്ങൾ, എട്ട് ദുരിതാശ്വാസ ഷെൽറ്ററുകൾ എന്നിവയും ഒരുക്കുകയാണ്. ഇവയെല്ലാം തന്നെ ദുരന്തബാധിത പ്രദേശത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിലും ജീവിതം കരുപ്പിടിക്കുന്നതിനുള്ള പ്രയത്നത്തിലും മികച്ച പിന്തുണ നൽകുന്നവയാകും.

ദുരന്തബാധിതരായ എല്ലാ കുടുംബങ്ങൾക്കും ദുരന്തത്തെ അതിജീവിച്ച ഓരോരുത്തർക്കും പുതിയൊരു ജീവിതം ഉറപ്പുനൽകാൻ പ്രതിജ്ഞാബദ്ധമാണ് സംസ്ഥാന സർക്കാർ.

കുട്ടികളുടെ പഠനം, രോഗികളുടെ ചികിത്സ, ആളുകളുടെ ഉപജീവനം, തുടങ്ങിയതൊന്നും മുടങ്ങില്ല എന്ന് സംസ്ഥാന സർക്കാർ ഉറപ്പുവരുത്തും. എൽ ഡി എഫ് സർക്കാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടും എന്നതിന്റെ മറ്റൊരു ദൃഷ്ടാന്തമായി മാറുകയാണ് വയനാട് ടൗൺഷിപ്പ്. ചൂരൽമലയിലും മുണ്ടക്കൈയിലുമായി ഉരുൾപ്പൊട്ടലിൽ മരണപ്പെട്ട എല്ലാവരുടെയും സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഇന്ന് ടൗൺഷിപ്പിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കും.

# ലോകത്തിന് മാതൃകയാവുന്ന പുനർനിർമ്മാണ പുനരധിവാസ പ്രക്രിയടൗൺഷിപ്പിന് ഇന്ന് തറക്കല്ലിടും



**കെ രാജൻ**
(റവന്യൂ, ഭവന നിർമ്മാണം വകുപ്പ് മന്ത്രി)

മുണ്ടക്കൈ ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്ത ഭൂമിയുടെ പുനർ നിർമ്മാണ, പുനരധിവാസ പ്രക്രിയ ലോകത്തിനു മുന്നിൽ കേരളം സമർപ്പിക്കുന്ന പുതിയൊരു മാതൃകയാണ്. ഇന്ന് കൽപ്പറ്റ മേപ്പാടിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിൽ ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടുന്നതോടെ പുനർനിർമ്മാണത്തിന്റെ പ്രധാന ഘട്ടത്തിലേക്ക് പ്രവേശിക്കും. 2024 ജൂലൈ 30 ന് ദുരന്തമുണ്ടായതു മുതൽ നാളുകളിങ്ങോട്ട് സംസ്ഥാന സർക്കാർ നടത്തിയ ഓരോ ഇടപെടലുകളും പ്രവർത്തനങ്ങളും ആ നാടിനെ ചേർത്തുപിടിച്ചു കൊണ്ടുള്ളതാണ്. കേവലം ഒരു ഗവൺമെന്റ് എന്നർത്ഥത്തിലല്ല, ജാതി, മത, രാഷ്ട്രീയ, വർണ, വർഗ, ലിംഗ വ്യത്യാസമില്ലാതെ മുഴുവൻ മനുഷ്യരും അതിനൊപ്പം നിന്നു. അതിൽ യുവജന സംഘടനകൾ ഉണ്ട്. സാമുദായിക പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും ഉണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മനുഷ്യത്വത്തോടെ എത്തിച്ചേരാൻ പറ്റുന്ന മുഴുവൻ ആളുകളുടെയും സാന്നിധ്യത്തെ കാഴ്ചക്കാരാക്കിയല്ല, ദൗത്യ സംഘങ്ങളാക്കി അണിനിരത്തിയാണ് ദുരന്ത നിവാരണ പ്രക്രിയയിൽ ഒരു കേരള മോഡൽ സർക്കാർ പൂർത്തിയാക്കിയത്. കാണാതായവരെ കണ്ടെത്തൽ, മരിച്ചവരെ തിരിച്ചറിയുക, അവരെ സംസ്ക്കരിക്കുക, അവരുടെ കുടുംബങ്ങളെ കണ്ടെത്തുക, ഒറ്റപ്പെട്ടു പോയവരെ ക്യാമ്പുകളിലേക്ക് പാർപ്പിക്കുക തുടങ്ങിയ ശ്രമകരമായ പ്രക്രിയ ആയിരുന്നു അത്. ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരെ താൽകാലികമായ സഹായങ്ങൾ ഒരുക്കി ഓഗസ്റ്റ് 23നകം പൂർണമായും വാടക വീടുകളിലേക്കും സർക്കാർ ക്വാർട്ടേഴ്സുകളിലേക്കുമായി മാറ്റി പാർപ്പിച്ചു. ഇതോടെ സർക്കാർ പുനരധിവാസ പ്രക്രിയയുടെ ആദ്യ ഘട്ടത്തിലേക്ക് കടന്നു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേരം വൈകി എന്ന വിധത്തിൽ ചില ആരോപണങ്ങൾ ഉയർന്നിരുന്നു. എന്നാൽ പുനരധിവാസത്തിന്റെ നാൾവഴികൾ പരിശോധിച്ചാൽ, സർക്കാർ മുന്നോട്ടുവച്ചത് കൃത്യമായ ധാരണകളും വീക്ഷണവുമാണ് എന്ന് മനസിലാക്കാനാവും.

വീടും ഭൂമിയും നഷ്ടപ്പെട്ടവർക്കും മരിച്ചവരുടെ കുടുംബങ്ങൾക്കും നിശ്ചിത സംഖ്യ നൽകി ഒരു കടമ്പ പൂർത്തിയാക്കി അവരുമായുള്ള ബന്ധം അവസാനിപ്പിക്കാനല്ല സർക്കാർ ഇവിടെ ശ്രമിച്ചത്. ആദ്യം ദുരന്ത ബാധിതരെ സ്ഥിരമായി പുനരധിവസിപ്പിക്കേണ്ട ഇടങ്ങളെക്കുറിച്ച് ചർച്ച നടത്തി. ലോക ചരിത്രത്തിൽ ആദ്യമായി, ദുരന്ത ബാധിതരായ മനുഷ്യരോട് തന്നെ ഇതേ കുറിച്ച് അന്നത്തെ ചീഫ് സെക്രട്ടറി ഡോ. വി വേണു, ക്യാമ്പുകളിലും പൊതു ഇടങ്ങളിലും നേരിട്ടെത്തി അഭിപ്രായങ്ങൾ ആരാഞ്ഞു. അവരെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞത്, ദുരന്തം ഞങ്ങളിൽ പലരെയും അകറ്റി, പുനരധിവസിപ്പിക്കുമ്പോൾ ഞങ്ങളെ പിരിക്കരുത്; എല്ലാവരും അടുത്തടുത്ത് താമസിക്കും വിധം ഒരിടം മതി എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒരു പൊതു സ്ഥലം കണ്ടെത്തണം എന്ന ആശയത്തിലേക്ക് വന്നു. ഇത് മുൻ നിർത്തി ഒരു ടൗൺഷിപ്പിലേക്ക് ഇവരെ എല്ലാം പാർപ്പിക്കും എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത് വലിയ ആത്മവിശ്വാസം ഉണ്ടാക്കി.

ഭൂമി കണ്ടെത്തി വീട് നിർമ്മിച്ചു നൽകാൻ പറ്റുന്ന നാടല്ല, ഭൂ പ്രകൃതി കൊണ്ട് വയനാട്. അധികവും തോട്ടങ്ങളാണ്. ജന്മം കൊണ്ട ഭൂമികളില്ല എന്നതും വെല്ലുവിളി ആയി. വാങ്ങിയാൽ തന്നെ പലയിടങ്ങളിലായി പാർപ്പിക്കേണ്ടി വരും. എന്നാൽ എല്ലാവർക്കും അടുത്തടുത്ത് താമസിക്കണം എന്ന അവരുടെ ആഗ്രഹം നിറവേറ്റണം എന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഉയർന്നതാണ് ടൗൺഷിപ്പ് എന്ന ആശയം. ഇതിന് സുരക്ഷിതമായ ഭൂമി കണ്ടെത്തണം എന്ന് തീരുമാനിച്ചു. 25 എസ്റ്റേറ്റുകൾ കണ്ടെത്തി. ഇവിടങ്ങളിൽ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള ഭൗമശാസ്ത്ര സംഘം പരിശോധന നടത്തി. സൂക്ഷിതമെന്ന് ചൂണ്ടിക്കാട്ടിയ ഒമ്പത് എസ്റ്റേറ്റുകളിലേക്ക് ശ്രദ്ധ ചുരുക്കി. ഇതിൽ ഏറ്റവും അടുത്തും സുരക്ഷിതവും മുഴുവൻ പേരെയും ഉൾക്കൊള്ളാവുന്നതുമായ രണ്ട് ഇടങ്ങളെന്ന നിലയിൽ എൽസ്റ്റോണും നെടുമ്പാലയും നിശ്ചയിച്ചു.

ദുരന്തമുണ്ടായി 63-ാമത്തെ ദിവസം ഒക്ടോബർ മൂന്നിന് ഈ രണ്ട് ഭൂമികളും ഏറ്റെടുക്കാൻ കേരള മന്ത്രിസഭ തത്വത്തിൽ തീരുമാനിച്ചു. പിറ്റേന്ന്, ഒക്ടോബർ നാലാം തീയതി തന്നെ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവും പുറപ്പെടുവിച്ചു. അന്ന് തന്നെ നിർമ്മാണ വർത്തനങ്ങളിലേക്ക് കടക്കാനുള്ള ഒരു അന്തരീക്ഷം ഉണ്ടാക്കാനാവും എന്ന് പ്രതീക്ഷിച്ചു. നിർഭാഗ്യവശാൽ തോട്ടം ഉടമകളുടെ കോടതി വ്യവഹാരങ്ങൾ തടസമായി മുന്നിൽ വന്നു. രണ്ടരമാസം പിന്നിട്ട്, ഡിസംബർ 27നാണ് സർക്കാരെടുത്ത തീരുമാനങ്ങൾ പൂർണമായും ശരിയെന്ന് കണ്ടെത്തിയ കോടതി, ഒക്ടോബർ നാലിലെ സർക്കാർ ഉത്തരവ് അംഗീകരിച്ചുള്ള വിധി പ്രസ്താവിച്ചത്.

കോടതി വ്യവഹാരങ്ങൾ നടക്കുമ്പോഴും സർക്കാർ സംവിധാനങ്ങൾ നിശ്ചലമായി ഇരുന്നില്ല. ഇതേ ഭൂമി തന്നെ ലഭ്യമാകും എന്ന പ്രതീക്ഷയിൽ പുറത്തുനിന്നുള്ള ചിത്രങ്ങൾ പകർത്തി, അവിടെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന വിവിധങ്ങളായ സംവിധാനങ്ങളെക്കുറിച്ച് പൂർണമായ പഠനങ്ങൾ തുടർന്നു. രൂപരേഖയും തയ്യാറാക്കിയിരുന്നു. ഭൂമി ഏറ്റെടുക്കാനുള്ള നിർദേശം ഡിസംബർ 27ന് കോടതിയിൽ നിന്ന് ലഭിച്ച് നാല് ദിവസം കഴിഞ്ഞ് ജനുവരി ഒന്നിന് തന്നെ ആ രൂപരേഖ അവതരിപ്പിച്ചു. ഏറ്റെടുക്കുന്ന ഭൂമി, അതിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, അതിന്റെ പൊതുസ്വഭാവം, അതിലെ മറ്റു നിർമ്മിതികൾ, നിർവഹണ ഏജൻസികൾ ഏത് എന്നടക്കം ഏറ്റവും കൃത്യമായ വീക്ഷണത്തിലുള്ള രൂപരേഖയാണ് സമർപ്പിച്ചത്. കോടതി വ്യവഹാരം നടക്കുന്നതിനാൽ ഭൂമിയിൽ പ്രവേശിച്ചുള്ള നടപടികൾക്ക് വിലക്കുണ്ടായിരുന്നു. ജനുവരി രണ്ടിന് റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന്, ഹൈഡ്രോളജിക്കൽ സർവെ, ടോപ്പോഗ്രാഫിക്കൽ സർവെ, ജിയോളജിക്കൽ സർവെ, മണ്ണ് പരിശോധന എന്നിവ അടിയന്തരമായി പൂർത്തീകരിക്കാൻ തീരുമാനിച്ചു. ഇതോടൊപ്പം ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുക എന്ന നടപടിയും ആരംഭിച്ചു. ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് ഈ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ച് വില നൽകാനുള്ള എല്ലാ തയ്യാറെടുപ്പും നടത്തുന്നതിനിടെ വീണ്ടും കോടതിയിൽ കേസ് വന്നു. ഇതിന്റെ നടപടിക്രമങ്ങൾ തുടരുമ്പോഴും ഭൂമി ഏറ്റെടുത്ത നടപടിക്ക് സ്റ്റേ ഇല്ലെന്നും സർക്കാർ തീരുമാനം ശരിയാണെന്നും സർക്കാർ പറഞ്ഞതനുസരിച്ചുള്ള തുക വിശദാംശങ്ങൾ സഹിതം കെട്ടിവയ്ക്കാമെന്നും ഉദ്ഘാടന ചടങ്ങുൾപ്പടെ ഭൂമിയിൽ നടത്താമെന്നും കോടതി വിധിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് മുതൽ എൽസ്ട്രോൺ എസ്റ്റേറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

കേരള ഗവർണർ നിയമസഭയിൽ നടത്തിയ സർക്കാരിന്റെ നയ പ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ, ഈ സാമ്പത്തിക വർഷം തന്നെ വീട് നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും വീട് നിർമ്മിച്ചു നൽകും. ഗവർണർ നൽകിയ ഉറപ്പ് സർക്കാർ പൂർണമായും പാലിക്കും. ഇതിനായി വീടുകൾ നൽകേണ്ടവരുടെ പട്ടിക തയ്യാറാക്കി. പൂർണമായും വീട് തകർന്നവരുടെ പട്ടികയാണ് ഒന്നാം പാദത്തിൽ തയ്യാറാക്കിയത്. രണ്ടാം പാദം - എ എന്ന വിഭാഗത്തിൽ തയ്യാറാക്കിയത് ഭൗമശാസ്ത്ര സംഘം ഇനി പ്രവേശിക്കാൻ കഴിയില്ല (നോ ഗോ സോൺ) എന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ ഉൾപ്പെട്ടവരുടെ പട്ടികയാണ്. ഈ പ്രദേശങ്ങളോട് ചേർന്ന് 50 മീറ്ററിനകത്തുള്ളതും ഒറ്റപ്പെട്ട് നിൽക്കുന്ന വീടുകളുടെ പട്ടിക രണ്ടാം പാദം - ബി എന്ന വിഭാഗത്തിലും തയ്യാറാക്കി. ഇതെല്ലാം സർക്കാർ നിർദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി ജില്ലാ ദുരന്ത നിവാരണ അതോറിട്ടി തയ്യാറാക്കിയതാണ്. ഈ പട്ടിക പൊതു ഇടങ്ങളിൽ പ്രസിദ്ധീകരിച്ച് 10 ദിവസക്കാലം ആക്ഷേപങ്ങളും പരാതികളും കേൾക്കാൻ അവസരം ഒരുക്കിയിരുന്നു. റവന്യൂ, പഞ്ചായത്ത് വകുപ്പുകൾ പരിശോധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി പട്ടിക പുതുക്കി പ്രസിദ്ധീകരിച്ചു. ഇനിയും മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളും അല്ലാതെയുള്ള പരാതികളും സർക്കാരിന്റെ മുന്നിൽ വന്നാൽ അക്കാര്യത്തിലും ഉചിതമായ തീരുമാനം ഉണ്ടാകും. പുനരധിവാസവുമായി ബന്ധപ്പെട്ട മറ്റെല്ലാ പ്രവർത്തനങ്ങളും സർക്കാർ തുടർന്നു. ഓരോ മേഖലയിലും ഉള്ള ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കാൻ കഴിയുന്ന വിധം മൈക്രോ പ്ലാൻ തയ്യാറാക്കി. 1038 പേർ ഉൾക്കൊള്ളുന്ന മൈക്രോ പ്ലാൻ ആണ് തയ്യാറാക്കിയത്. കുട്ടികളുടെ പുനരധിവാസ പ്രക്രിയയുടെ കാര്യത്തിലും ഒരു കേരള മോഡൽ പാക്കേജ് തയ്യാറാക്കി. പുനരധിവാസത്തിന്റെ ഭാഗമായ ഒരു വിദ്യാഭ്യാസ പാക്കേജ് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ദുരന്തത്തിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ട ഏഴ് കുട്ടികൾ, ഒരു രക്ഷകർത്താവ് മാത്രമായി അവശേഷിച്ച 14 കുട്ടികൾ, അതിഥി തൊഴിലാളികളായ രക്ഷിതാക്കൾ നഷ്ടപ്പെട്ട മൂന്ന് കുട്ടികൾ ഉൾപ്പെടെ 24 കുട്ടികൾ അക്ഷരാർത്ഥത്തിൽ അനാഥരാണ്. ഇവരിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികളുടെ പേരിൽ 10 ലക്ഷം രൂപ വീതവും ഒരു രക്ഷകർത്താവ് മാത്രമുള്ള കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതവും തുടർ പഠനത്തിനു വേണ്ടി സർക്കാർ അനുവദിച്ചു. ഇതിനു പുറമെ ഓരോരുത്തരുടെയും പേരിൽ രണ്ടര ലക്ഷം രൂപ വീതം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സഹായമായി മറ്റൊരു അക്കൗണ്ടിൽ നിക്ഷേപിച്ചു. യൂണിസെഫുമായി സഹകരിച്ച് 24 കുട്ടികളെയും 25 വയസ്സുവരെ പഠിപ്പിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാടക കൊടുക്കേണ്ടി വന്നാൽ അതിനായി 4,000 രൂപ വീതം 24 പേർക്കുമായി നിശ്ചയിച്ചു. ലാപ്ടോപ് ഉൾപ്പെടെ പഠന സഹായികൾ തീരുമാനിച്ചു. ചികിത്സാ സഹായങ്ങളുടെ കാര്യത്തിലും ഒരു പാക്കേജ് തയ്യാറാക്കിട്ടുണ്ട്. പുനരധിവസിപ്പിക്കുന്നവരുടെ ചികിത്സ പൂർണമായും സൗജന്യമാക്കുന്നതിന് മൂന്ന് നടപടി ക്രമങ്ങൾ പൂർത്തിയാക്കി. തുടർ ചികിത്സ എവിടെയാണ് നൽകേണ്ടത് എന്ന് നിശ്ചയിച്ചിട്ടുള്ളത്, അവിടെ നിന്ന് വിദഗ്ധ ചികിത്സ സ്വകാര്യ ആശുപത്രിയിലേക്കാണ് നിർദേശിക്കുന്നതെങ്കിൽ, അവിടത്തെ ബിൽ മെഡിക്കൽ ബോർഡ് പരിശോധിച്ച് സിഎംഒ മുഖാന്തിരം റീ ഇമ്പേഴ്സ് ചെയ്ത് നൽകാൻ അനുവാദം നൽകി. ഇതുവരെ നടത്തിയ ചികിത്സയുടെ ബിൽ റീ ഇമ്പേഴ്സ് ചെയ്യും. തുടർന്നുള്ളവ ആശുപത്രി അധികൃതർക്ക് നൽകും.

സമഗ്രമായ ചൂരൽമലയുടെ പുനർ നിർമ്മാണത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ചു. അവിടെ തകർന്നു പോയ മുഴുവൻ റോഡുകളും പാലങ്ങളും, വെള്ളാർമല, മുണ്ടക്കൈ സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ടൗണിന്റെ പുനർനിർമാണം തുടങ്ങി, മരിച്ചവരെ തിരിച്ചു കൊടുക്കാൻ കഴിയുന്നതൊഴിച്ചാൽ, മറ്റെല്ലാ കാര്യത്തിലും സമഗ്രമായ പുനർ നിർമ്മാണ, പുനരധിവാസ പ്രക്രിയയാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. വ്യാപാരം നഷ്ടപ്പെട്ടവരെ ആ രംഗത്തേക്ക് തിരിച്ചു കൊണ്ടു വാരാനുൾപ്പടെയുള്ള മാർഗങ്ങൾ ആലോചിക്കുന്നു. ഇത് തുടരും; കിട്ടാവുന്ന മുഴുവൻ പേരെയും ഇതിൽ സഹകരിപ്പിക്കുകയും ചെയ്യും.

ഒരു ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ 298 ആളുകളുടെ മരണത്തിന് വഴിവച്ച ഒരു ദുരന്തവും സമീപഭൂത കാലത്ത് നാം എവിടെയും കണ്ടിട്ടില്ല. ഇത്തരം ഒരു സാഹചര്യത്തിൽ ആളുകളെ പുനരധിവസിപ്പിക്കാനും പ്രദേശത്തെ പുനർ നിർമിക്കാനും ഉള്ള ഒരു മോഡലും ഇന്ത്യയിൽ എവിടെയും ഈ വിധത്തിൽ തയ്യാറായിട്ടുമില്ല. അതുകൊണ്ടാണ് കേരളം പുതിയൊരു മോഡലിനെ തേടിയത്. 2005 ലെ ദുരന്ത നിവാരണ നിയമ പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിട്ടി അതി തീവ്ര ദുരന്തമായി പ്രഖ്യാപിച്ചാൽ, ആ സ്ഥലത്തെ മുഴുവൻ ആളുകളുടെയും കടങ്ങൾ എഴുതി തള്ളാൻ അവസരം ഉണ്ട്. ഇക്കാര്യത്തിൽ ഒരു നടപടിയും കേന്ദ്രസർക്കാർ കൈകൊണ്ടിട്ടില്ല. കേരളം ഇതിനായി കാത്തിരുന്നില്ല. സംസ്ഥാനത്തിന്റെ ബാങ്കായ കേരള ബാങ്കിന്റെ ശാഖകളിൽ ഉണ്ടായിരുന്ന ദുരന്ത മേഖലയിലെ മുഴുവൻ കടങ്ങളും എഴുതി തള്ളി. സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ (എസ്എൽബിസി) മുഖ്യമന്ത്രി നേരിട്ട് അഭ്യർത്ഥന നടത്തി. ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്ന കമ്മിറ്റിയുടെ യോഗം വീണ്ടും ചേരുകയാണ്. അവിടെയും തീരുമാനം ഉണ്ടായില്ലെങ്കിൽ ദുരന്ത ബാധിതരിൽ കടക്കാരെ കേരളം ഒറ്റപ്പെടുത്തില്ല. അവരെ പൂർണമായും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും. ഇവരുടെ കണക്കെടുത്തു കഴിഞ്ഞു; 759 കുടുംബങ്ങളിലായി 1275 അക്കൗണ്ടുകളിലാണ് ദുരന്ത മേഖലയിലെ ആളുകളുടെ വിവിധങ്ങളായ കടങ്ങൾ നിലവിലുള്ളത്. കടക്കാരുടെ പട്ടിക പോലെ ജോലി നഷ്ടപ്പെട്ടവരുടെയും വ്യാപാരികളുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പുതിയ വീടുകളിലേക്ക് താമസം ഉറപ്പിക്കും വരെ മുഴുവൻ വാടകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകും. ഇങ്ങനെ സമഗ്രവും വിപുലവുമായ പുനർനിമ്മാണ, പുനരധിവാസ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. കേരളം ഒരു ദുരന്തത്തിന്റെ മുന്നിലും പേടിച്ചു നിൽക്കില്ല. കേന്ദ്ര സർക്കാർ അർഹമായ സഹായം തരാത്ത ഘട്ടത്തിൽ പോലും ഭീതിയോടെ നിൽക്കലല്ല, മറിച്ച് ഇതിനെയും അതിജീവിക്കുമെന്ന് ഉറപ്പോടെ ലോകത്തെ മുഴുവൻ സാക്ഷി നിർത്തി, ലോകം ശ്രദ്ധിക്കുന്ന ദുരന്ത നിവാരണ പുനർനിർമാണ, പുനരധിവാസ പ്രക്രിയയുടെ ഒരു കേരള മോഡൽ സൃഷ്ടിക്കുകയാണ്.

# ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ആത്മഹത്യ; ദൗത്യസംഘത്തെ നിയോഗിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികളുടെ മാനസികാരോഗ്യ ആശങ്കകൾ പരിഹരിക്കുന്നതിനും വർധിച്ചുവരുന്ന ആത്മഹത്യകൾ തടയുന്നതിനുമായി ദേശീയ ദൗത്യസംഘം (നാഷണൽ ടാസ്ക് ഫോഴ്സ്) രൂപീകരിക്കാൻ നിർദേശിച്ച് സുപ്രീംകോടതി.കാമ്പസുകളിൽ ആത്മഹത്യ പോലുള്ള ദൗർഭാഗ്യകരമായ എന്തെങ്കിലും സംഭവമുണ്ടായാൽ ഉചിതമായ അധികാരികളെ അറിയിക്കേണ്ടതു സ്ഥാപനത്തിന്റെ കടമയാണെന്നും ജസ്റ്റീസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

പത്തുപേരുൾപ്പെട്ട ദൗത്യസംഘത്തിൽ സുപ്രീം കോടതി മുൻ ജഡ്ജി എസ്. രവീന്ദ്ര ഭട്ടാണ് അധ്യക്ഷൻ. നാലു മാസത്തിനുള്ള വിഷയത്തിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടു. എട്ടു മാസത്തിനുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കണം.ജാതിവിവേചനവും അക്കാദമിക് സമ്മർദവും മൂലം ആത്മഹത്യ ചെയ്ത ഐഐടി ഡൽഹിയിലെ രണ്ടു വിദ്യാർഥികളുടെ മാതാപിതാക്കൾ സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിനിടെയാണ് കോടതിയുടെ തീരുമാനം.വിദ്യാർഥികളുടെ ആത്മഹത്യക്കു പിന്നിലെ കാരണങ്ങൾ തിരിച്ചറിയൽ, വിദ്യാർഥിക്ഷേമവും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട നിലവിലുള്ള നയങ്ങൾ അവലോകനം ചെയ്യുക, 1989 ലെ എസ്സി/എസ്ടി (അതിക്രമങ്ങൾ തടയൽ) നിയമത്തിനും മറ്റു നിയമങ്ങൾക്കും കീഴിൽ വിദ്യാർഥികളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിയമപരിഷ്കാരങ്ങൾ പരിശോധിക്കുക, വിദ്യാർഥികളുടെ പിന്തുണാ സംവിധാനങ്ങൾ വിലയിരുത്തുന്നതിന് സർവകലാശാലകളിൽ അപ്രതീക്ഷിത പരിശോധനകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനസികാരോഗ്യ സേവനങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുന്നതിന് ദേശീയ കർമപദ്ധതി വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങളായിരിക്കും ദൗത്യസംഘത്തിന്റെ പ്രധാന ഉത്തരവാദിത്വം.ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉന്നത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി എല്ലാ സംസ്ഥാനങ്ങളും നിയമിക്കണം. വിവിധ വകുപ്പുകളെ ദൗത്യസംഘവുമായി ബന്ധപ്പെടുത്തുന്നത് നോഡൽ ഓഫീസറായിരിക്കും. അദ്ദേഹവുമായി ബന്ധപ്പെട്ട വകുപ്പുകൾ സഹകരിക്കണമെന്നും ബെഞ്ച് ഉത്തരവിൽ വ്യക്തമാക്കി.ജാതിവിവേചനം, റാഗിംഗ്, അക്കാദമിക് സമ്മർദങ്ങൾ തുടങ്ങി വിദ്യാർഥികളെ ആത്മഹത്യയിലേക്കു നയിക്കുന്ന സമ്മർദങ്ങളെക്കുറിച്ചുള്ള വിവിധ റിപ്പോർട്ടുകൾ കോടതി പരിശോധിച്ചു. സർവകലാശാലകൾ പഠനകേന്ദ്രങ്ങൾ മാത്രമല്ല വിദ്യാർഥികളുടെ ക്ഷേമത്തിനും സമഗ്രമായ വികസനത്തിനും ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങളാണെന്നും കോടതി നിരീക്ഷിച്ചു.വിദ്യാർഥികൾക്കു ഭയമോ വിവേചനമോ ഇല്ലാതെ പഠനം പൂർത്തിയാക്കുന്നതിനുള്ള സുരക്ഷിതത്വവും പിന്തുണയും ഉറപ്പാക്കുന്ന സംസ്കാരം വളർത്തുന്നതിന് എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും മുൻകൈയെടുക്കണമെന്നും വിഷയം പരിഗണിക്കവെ കോടതി വ്യക്തമാക്കി.



സമുന്നതിയുടെ ആഭിമുഖ്യത്തിൽ നടന്ന ധനസഹായ വിതരണം മന്ത്രി കെ ബി ഗണേഷ് കുമാർ നിർവഹിക്കുന്നു.

# മുന്നാക്ക സമുദായ ക്ഷേമത്തിന് സർക്കാർ പ്രാധാന്യം നൽകുന്നു : മന്ത്രി കെ ബി ഗണേഷ് കുമാർ

സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നുണ്ടെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു. അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകി സർക്കാർ ഈ വിഭാഗക്കാർക്ക് സാമൂഹ്യ നീതി ഉറപ്പാക്കി. സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന ഭവന സമുന്നതി, മംഗല്യ സമുന്നതി പദ്ധതികളുടെ ധനസഹായ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രാജ്യത്ത് ആദ്യമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗക്കാർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തിയത് കേരളമാണ്. സാമ്പത്തിക നിയന്ത്രണ സാഹചര്യത്തിലും പദ്ധതിവിഹിതത്തിൽ കുറവ് വരുത്താതെ പാവപ്പെട്ട മുന്നാക്ക കുടുംബങ്ങൾക്ക് വിവാഹ സഹായം, ഭവന സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, സംരംഭത്തിനുള്ള സഹായം തുടങ്ങിയവ സർക്കാർ നൽകിവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ ഉൾപ്പടെ സർക്കാരിന്റെ പ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന രീതിയിലാണെന്നും മന്ത്രി പറഞ്ഞു.

സർക്കാർ നൽകുന്ന സഹായ പദ്ധതികൾ അർഹരായവരിൽ എത്തിക്കുന്നതിൽ സമുന്നതി മികച്ച പ്രവർത്തനം നടത്തുന്നുണ്ടെന്ന് പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ആശംസപ്രസംഗത്തിൽ പറഞ്ഞു.

സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ കെ. ജി. പ്രേംജിത്ത്, മാനേജിങ് ഡയറക്ടർ ദേവി എൽ ആർ, ഡയറക്ടർമാരായ ഭവദാസൻ നമ്പൂതിരി പി വി, ഫാ. ജിജി തോമസ്, അഡ്വ. ടി. കെ. പ്രസാദ്, ബി. ജയകുമാർ, അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻ നായർ, കെ സി സോമൻ നമ്പ്യാർ തുടങ്ങിയവർ പങ്കെടുത്തു.

# സമ്പൂർണ മാലിന്യമുക്ത പ്രഖ്യാപനം 30ന് : മന്ത്രി എം ബി രാജേഷ്

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്തമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മാർച്ച് 30ന് നടക്കുമെന്ന് മന്ത്രി എം ബി രാജേഷ് സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സർക്കാർ നിർദേശിച്ച നിബന്ധനകൾ എല്ലാം കൈവരിച്ച് 126 ഗ്രാമപഞ്ചായത്തുകളും 13 മുൻസിപ്പാലിറ്റികളും മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി ഇതിനകം തന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. 8337 മാലിന്യമുക്ത വാർഡുകളുടെ പ്രഖ്യാപനവും പൂർത്തിയായി. പദവി കൈവരിച്ച ഹരിത സ്കൂളുകൾ, കോളേജുകൾ, ടൗണുകൾ, മാർക്കറ്റ്, അയൽക്കൂട്ടങ്ങൾ, ടൂറിസംകേന്ദ്രം, ഓഫീസുകൾ തുടങ്ങിയ പ്രഖ്യാപനങ്ങളും നടന്നുവരുന്നു. ഏപ്രിൽ 5 നകം ജില്ലാതല പ്രഖ്യാപനങ്ങളും ഇതിന്റെ തുടർച്ചയായി നടക്കും. സ്റ്റാറ്റസ് റിപ്പോർട്ട് അവതരണങ്ങൾ, വിവിധ വിഭാഗങ്ങളിലെ അവാർഡ് വിതരണം, മികച്ച മാതൃകകളുടെ അവതരണങ്ങൾ, മുന്നോട്ടുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവ ഉൾപ്പെടുന്നതാണ് പ്രഖ്യാപന പരിപാടികളെന്ന് മന്ത്രി വിശദമാക്കി. സമ്പൂർണ ഹരിത വിദ്യാലയം, ഹരിത കലാലയം, പൊതു സ്ഥലങ്ങൾ വൃത്തിയുള്ളതും വലിച്ചെറിയൽ മുക്തവും, വൃത്തിയുള്ളതും വലിച്ചെറിയൽ മുക്തവുമായ ടൗണുകൾ കവലകൾ, എല്ലാ അയൽക്കൂട്ടങ്ങളും ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപനം, എല്ലാ ടൂറിസം കേന്ദ്രങ്ങളെയും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപനം, സമ്പൂർണ ഹരിതസ്ഥാപന പ്രഖ്യാപനം, മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഹരിതമിത്രം ആപ്പിന്റെ സമ്പൂർണ്ണമായ ഉപയോഗം, അജൈവമാലിന്യത്തിന്റെ കൃത്യതയുള്ള നീക്കം, പബ്ലിക് ബിന്നുകൾ, നിർവഹണ സമിതി - നിർവ്വഹണ സമിതിയുടെ പ്രവർത്തനം, എൻഫോഴ്സ്മെന്റ് പരിശോധനകൾ എന്നിങ്ങനെ 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80% പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്.പ്രഖ്യാപനങ്ങൾ നടത്തി പ്രവർത്തനം അവസാനിപ്പിക്കാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. മാലിന്യ സംസ്കരണ പുരോഗതിയെ 80% ൽ നിന്ന് 100% ആക്കാനുള്ള പ്രവർത്തനങ്ങളാകും പ്രധാനമായും ഏറ്റെടുക്കുന്നത്. മാലിന്യമുക്തമായവ നിലനിർത്താനും, അല്ലാത്ത പ്രദേശങ്ങളെ മാലിന്യമുക്തമാക്കാനുമുള്ള വിപുലമായ പ്രവർത്തന പദ്ധതിയും നടപ്പിലാക്കും. എല്ലാത്തരം മാലിന്യത്തിന്റെയും പരിപാലനം, സമ്പൂർണമായ ഡിജിറ്റൽ ട്രാക്കിംഗ് എന്നിവയും നടപ്പിലാക്കും. പുനർചംക്രമണ പാർക്കുകൾ കൊണ്ടുവരാനുള്ള നടപടികൾ ശക്തിപ്പെടുത്തുമെന്നും മാർച്ച് 30 ന് ശേഷം ഈ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും മന്ത്രി പറഞ്ഞു.മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വാതിൽപ്പടി ശേഖരണം 89 ശതമാനമായി വർധിച്ചു. മിനി എംസിഎഫ് എണ്ണം 19721, എംസിഎഫ് എണ്ണം 1330 ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനം 165800 സ്ക്വയർ ഫീറ്റായി, അതിലൂടെ കൈകാര്യം ചെയ്ത അജൈവ മാലിന്യം 49978 ടൺ. 79.2 ലക്ഷം പേർ ഹരിതമിത്രം ആപ്പ് സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. 52202 എൻഫോഴ്സ്മെന്റ് പരിശോധനകൾ പൂർത്തിയാക്കുകയും 5.70 കോടി പിഴ ചുമത്തുകയും ചെയ്തു.ഇനി ഞാനൊഴുകട്ടെ പദ്ധതിയുടെ ഭാഗമായി ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ 5997.56 കിലോമീറ്റർ നീർച്ചാലിൽ 3771.12 കിലോമീറ്ററിലെ മാലിന്യം നീക്കി വീണ്ടെടുത്തു. മാലിന്യം നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ സിംഗിൾ വാട്ട്സാപ്പ് നമ്പർ ഏർപ്പെടുത്തിയിരുന്നു. പൊതുജനങ്ങളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 22.55 ലക്ഷം രൂപ ഫൈൻ ചുമത്തിയിട്ടുണ്ട്. ആകെ 5495 പരാതികളാണ് വാട്ട്സാപ്പ് നമ്പർ വഴി രജിസ്റ്റർ ചെയ്തത്.271 കമ്മ്യൂണിറ്റി ബയോ മെത്തനേഷൻ പ്ലാന്റിന് പുറമെ എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്ത് ബയോ സിഎൻജി പ്ലാന്റിന്റെ പ്രവർത്തനം മെയ് മാസത്തിൽ ആരംഭിക്കും. തിരുവനന്തപുരം, കോഴിക്കോട്, ചങ്ങനാശേരി, കൊല്ലം, തൃശൂർ ഉൾപ്പെടെയുള്ള 5 സ്ഥലങ്ങളിൽ ബയോ സിഎൻജി പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സ്ഥലം കണ്ടെത്തി. പാലക്കാട് കഞ്ചിക്കോട് വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന 200 ടജഉയുടെ ഇആഎ/ഞഉഎ പ്ലാന്റ് ഡിസംബറിൽ പ്രവർത്തനം ആരംഭിക്കും. മാലിന്യക്കൂനകളില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി ആകെയുള്ള 59 മാലിന്യക്കൂനകളിൽ 24 എണ്ണം പൂർണമായും നീക്കം ചെയ്തു 56.25 ഏക്കർ ഭൂമി വീണ്ടെടുത്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിലാണ്.പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, എസ് സി എസ് ടി, ഫിഷറീസ്, ആരോഗ്യം, ഗതാഗതം, വനം, വിനോദസഞ്ചാരം, പരിസ്ഥിതി കാലാവസ്ഥാ, കൃഷി, തൊഴിൽ, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിലെ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗ്യാപ്പ് അസസ്സ്മെന്റ് പൂർത്തിയാക്കുയയും ഇവ പരിഹരിക്കുന്നതിനുള്ള പദ്ധതി നിർമ്മണത്തിലേക്കുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തതായി മന്ത്രി അറിയിച്ചു.

# തെക്കൻ കുരിശുമല തീർഥാടനം 30 മുതൽ

വെള്ളറട: തെക്കൻ കുരിശുമല ഒന്നാംഘട്ട തീർഥാടനം 30ന് ആരംഭിച്ച് ഏപ്രിൽ ആറിനു സമാപിക്കും. പെസഹ വ്യാഴം, ദുഃഖവെള്ളി നാളുകളിലും തീർഥാടനം ഉണ്ടായിരിക്കും.30 ന് ഉച്ചയ്ക്ക് രണ്ടിനു കെസിവൈഎം നെയ്യാറ്റിൻകര രൂപതയുടെ നേതൃത്വത്തിൽ വെള്ളറടയിൽനിന്നു കുരിശിന്റെ വഴി ആരംഭിക്കും. വൈകുന്നേരം നാലിനു പത്താം പിയൂസ് ദേവാലയത്തിൽനിന്നു ഘോഷയാത്രയായി എത്തിക്കുന്ന തീർഥാടന പതാക 4.15നു സംഗമവേദിയിലെ കൊടിമരത്തിൽ രൂപതാ ബിഷപ് വിൻസൻറ് സാമുവൽ ഉയർത്തുന്നതോടെ തീർഥാടനം ആരംഭിക്കും.തുടർന്നു നടക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്കും ബിഷപ് നേതൃത്വം നൽകും. വൈകുന്നേരം 5.30നു നെറുകയിലും പതാക ഉയർത്തും. തുടർന്നു സംഗമവേദിയിൽ ചേരുന്ന സമ്മേളനം മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്യും. ബിഷപ് വിൻസൻറ് സാമുവൽ അധ്യക്ഷത വഹിക്കും. നെയ്യാറ്റിൻകര വികാരി ജനറൽ മോൺ. വിൻസൻറ് കെ.പീറ്റർ സന്ദേശം നൽകും.തീർഥാടന ദിനങ്ങളിൽ സംഗമവേദിയിൽ സങ്കീർത്തനാലാപനവും പ്രഭാതവന്ദനവും ആരാധനാചപ്പലിൽ ദിവ്യബലി, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ ആശീർവാദം, ജാഗരണ പ്രാർഥന എന്നിവയും നെറുകയിൽ ദിവ്യബലി, കുരിശിന്റെ വഴി, കുരിശിന്റെ നവനാൾ എന്നിവയും സംഗമവേദിയിൽ ഫാ. ഹെൻസലിൻ നയിക്കുന്ന ധ്യാനവും ഉണ്ടായിരിക്കും.

31നു രാവിലെ 10നു സംഗമ വേദിയിൽ നടക്കുന്ന കുട്ടികളുടെ സംഗമം ഫാ. ജേക്കബ് കുര്യൻ ഉദ്ഘാടനം ചെയ്യും. ഏപ്രിൽ ഒന്നിനു രാവിലെ 10 നു സംഗമവേദിയിൽ യുവജനസംഗമം. ഫാ. അരുൺകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് ലഹരി വിരുദ്ധ സെമിനാർ നടക്കും.

ഏപ്രിൽ രണ്ടിനു രാവിലെ 9.30നു സംഗമവേദിയിൽ മാതാപിതാക്കളുടെ സംഗമം ഫാ.ജോസഫ് രാജേഷ് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം മോൺ. ജി. ക്രിസ്തുദാസിന്റെ അധ്യക്ഷതയിൽ നടക്കുന്ന ജോൺ ബാപ്റ്റിസ്റ്റ് അനുസ്മരണം ബിഷപ് ഡോ. സെൽവരാജൻ ദാസൻ ഉദ്ഘാടനം ചെയ്യും.

ഏപ്രിൽ മൂന്നിനു വൈകുന്നേരം 6.30നു മാധ്യമ സദസ് കെ. ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് 12ന് ആനപ്പാറ ഫാത്തിമമാതാ കുരിശടിയിലേക്ക് ജപമാല പദയാത്ര നടത്തും. ഏപ്രിൽ നാലിനു വൈകുന്നേരം 6.30ന് ഫാ. സതീഷിന്റെ അധ്യക്ഷതയിൽ ചേരുന്ന സാംസ്കാരിക സമ്മേളനം മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. അഞ്ചിനു വൈകുന്നേരം സി.കെ. ഹരീന്ദ്രൻ എംഎൽഎയുടെ അധ്യക്ഷതയിൽ ചേരുന്ന തീർഥാടന സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ആറിനു രാവിലെ ഒന്പതിനു സംഗമവേദിയിൽ തീർഥാടന പൊന്തിഫിക്കൽ ദിവ്യബലിക്ക് ഡോ. ജെ. തോമസ് മുഖ്യ കാർമികനാകും. വൈകുന്നേരം നാലിനു സംഗമവേദിയിൽ നടക്കുന്ന സമാപന ദിവ്യബലിക്ക് മോൺ.

വിൻസൻറ് കെ. പീറ്ററും നെറുകയിൽ ഫാ. അജീഷ് ക്രിസ്തുവും നേതൃത്വം നൽകും. 5.30നു ചേരുന്ന സമാപന സമ്മേളനം വെള്ളറട പഞ്ചായത്ത് പ്രസിഡൻറ് എം.രാജ്മോഹൻ ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 13 മുതൽ 19വരെ വിശുദ്ധവാര തിരുകർമങ്ങളും രണ്ടാംഘട്ട തീർഥാടനവും നടക്കും.

# റംസാൻ ഫെയറുകൾ ആരംഭിച്ചു

*വിഷു-ഈസ്റ്റർ ഫെയറുകൾ ഏപ്രിൽ 10 മുതൽ*

സംസ്ഥാനത്ത് ഉത്സവ സീസണുകളിൽ വിപണിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന റംസാൻ-വിഷു-ഈസ്റ്റർ ഫെയറുകളുടെ സംസ്ഥാനതല ഉത്ഘാടനം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ജി ആർ അനിൽ തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ആന്റണി രാജു എം.എൽ.എ. ചടങ്ങിൽ അധ്യക്ഷത വഹിച്ചു.തിരുവനന്തപുരം കിഴക്കേകോട്ട പീപ്പിൾസ് ബസാർ കേന്ദ്രീകരിച്ചാണ് തിരുവനന്തപുരം ജില്ലിയിലെ റംസാൻ ഫെയർ പ്രവർത്തിക്കുന്നത്. മാർച്ച് 25 മുതൽ 31 വരെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട ഔട്ട്ലെറ്റുകൾ കേന്ദ്രമാക്കി ഫെയറുകൾ പ്രവർത്തിക്കും. മലപ്പുറം ജില്ലയിൽ മഞ്ചേരി ഡാലിയ കെപ്രസ് അവന്യൂവിലും കോഴിക്കോട് ജില്ലയിൽ നടുവെട്ടം ക്രോൺ ഓഡിറ്റോറിയത്തിലും സ്പെഷ്യൽ റംസാൻ ഫെയറുകൾ ഉണ്ടാകും. സബ്സിഡി-നോൺസബ്സിഡി സാധനങ്ങൾക്കു വിവിധ ബ്രാൻഡുകളിലെ ബിരിയാണി റൈസ്, മസാല ഇനങ്ങൾ, സവാള, പായസക്കൂട്ടുകൾ എന്നിവ പ്രത്യേക വിലക്കിഴിവിൽ ലഭിക്കും.വിഷു-ഈസ്റ്റർ ഫെയറുകൾ ഏപ്രിൽ 10 മുതൽ 19 വരെ സപ്ലൈകോയുടെ ജില്ലാ - താലൂക്ക് ഔട്ട്ലെറ്റുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കും.

# എഎംആർ പ്രതിരോധം കേരളം മാതൃകയെന്ന് സിഎസ്ഇ റിപ്പോർട്ട്

## സംസ്ഥാനത്തിന്റെ എഎംആർ പ്രതിരോധം ലോകോത്തര നിലവാരത്തിൽ

ആന്റിബയോട്ടിക്ക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കേരളം മാതൃകയെന്ന് പ്രമുഖ പരിസ്ഥിതി സംഘടനയായ സെന്റർ ഫോർ സയൻസ് എൻവയൺമെന്റ് (സിഎസ്ഇ) റിപ്പോർട്ട്. സിഎസ്ഇ പുറത്തിറക്കിയ ഇന്ത്യയുടെ പാരിസ്ഥിതിക തൽസ്ഥിതി 2025 റിപ്പോർട്ടിലാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയാണെന്നും ലോകോത്തര നിലവാരം പുലർത്തുന്നുവെന്നുമുള്ള വിലയിരുത്തൽ. കേരളം എ.എം.ആർ. പ്രതിരോധത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ രാജ്യാന്തര ശ്രദ്ധ നേടുന്നത് അഭിമാനകരമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

രോഗാണുക്കൾ ആന്റിബയോട്ടിക് മരുന്നുകളെ അതിജീവിക്കുന്ന ആഗോള ഭീഷണി മുന്നിൽ കണ്ട് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) രംഗത്ത് കേരളത്തിന്റെ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളും മാതൃകയാക്കണമെന്നും രാജ്യമെമ്പാടും ഇത്തരം പ്രവർത്തനങ്ങൾ നടക്കണമെന്നും റിപ്പോർട്ട് പുറത്തിറക്കിയ സിഎസ്ഇ മേധാവി സുനിതാ നാരായൺ അഭിപ്രായപ്പെട്ടിരുന്നു. ആന്റിബയോട്ടിക്കുകൾ ഫലപ്രദമാകാത്ത അണുബാധകൾ കാരണം ലോകമെമ്പാടും ലക്ഷക്കണക്കിന് ആളുകളാണ് വർഷംതോറും മരണമടഞ്ഞുകൊണ്ടിരിക്കുന്നത്. ഈ ഭീഷണി ഇനിയുള്ള വർഷങ്ങളിൽ വർദ്ധിക്കും എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

എഎംആറിനെ പ്രതിരോധിക്കാൻ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തുന്നു. സംസ്ഥാനത്തെ സർക്കാർ സ്വകാര്യ ആശുപത്രികളിൽ അണുബാധകളുമായി എത്തിച്ചേരുന്നവരിൽ എത്ര തോതിൽ ആന്റിബയോട്ടിക് അതിജീവന ഭീഷണിയുണ്ട് എന്ന് തുടർച്ചയായി വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആന്റിബയോട്ടിക് സ്റ്റുവർഡ്ഷിപ്പ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ആന്റി മൈക്രോബിയൽ അതിജീവനം ഉയർത്താൻ സാധ്യതയുള്ള ആന്റിബയോട്ടിക്കുകൾ (റിസർവ്) അങ്ങനെ അല്ലാത്ത ആന്റിബയോട്ടിക്കുകൾ (ആക്സസ്, വാച്ച്) പരാജയപ്പെടുന്ന ഘട്ടത്തിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന കാര്യവും ആശുപത്രികളിൽ ഉറപ്പാക്കുന്നുണ്ട്. അതോടൊപ്പം ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശവും ഏതാണ്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായി കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി. ഉപയോഗിക്കപ്പെടുന്നത് താരതമ്യേന ഭീഷണി കുറഞ്ഞ ആന്റിബയോട്ടിക്കുകളാണ് എന്ന് ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. എല്ലാ പഞ്ചായത്തുകളേയും ആന്റിബയോട്ടിക് സാക്ഷര പഞ്ചായത്തുകളാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഏക സംസ്ഥാനമാണ് കേരളം. ഇത് മറ്റ് സംസ്ഥാനങ്ങളും മാതൃകയാക്കുന്നത് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്ന ആഗോള ഭീഷണിയെ അഭിമുഖീകരിക്കാൻ രാജ്യത്തെ കൂടുതൽ പ്രാപ്തമാക്കുമെന്ന് സി.എസ്.ഇ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗർഭകാലത്ത് സന്തോഷകരമായ മാനസികാരോഗ്യം അമ്മയ്ക്കും കുഞ്ഞിനും ഉറപ്പാക്കണം:കെ വി മനോജ് കുമാർ

ഗർഭകാലത്ത് സന്തോഷകരമായ മാനസികാരോഗ്യ അനുഭവം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിന് അത്യാവശ്യമാണെന്ന് ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ അഭിപ്രായപ്പെട്ടു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനും യുണിസെഫും സംയുക്തമായി സംഘടിപ്പിച്ച സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും എന്ന വിഷയത്തിൽ നടന്ന സംസ്ഥാനതല കൂടിയാലോചനായോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.



സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും എന്ന വിഷയത്തിൽ നടന്ന സംസ്ഥാനതല കൂടിയാലോചനായോഗത്തിന്റെ ഉദ്ഘാടനം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ്കുമാർ നിർവഹിക്കുന്നു

സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും എന്ന വിഷയവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിശോധിക്കുക എന്നതാണ് കൂടിയാലോചനായോഗം ലക്ഷ്യമിടുന്നത്. കേരളത്തിലെ ആരോഗ്യ സേവനങ്ങൾ മാതൃകാപരമാണെങ്കിലും മാതൃ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ആരോഗ്യ സംരക്ഷകർക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഗർഭകാലത്തെ മാനസികാരോഗ്യ പ്രശ്നങ്ങൾ കുട്ടിയുടെ ശാരീരിക മാനസിക വികാസത്തെ ബാധിച്ചേക്കാം. മാതൃ മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഗർഭകാലഘട്ടത്തിലും ഗർഭാനന്തരവും കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്തം സംബന്ധിച്ചും ആരോഗ്യ സംരക്ഷകരിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.ഗർഭിണികൾക്ക് മാനസികാരോഗ്യ ആശങ്കകൾ ചർച്ച ചെയ്യാൻ കഴിയുന്ന സുരക്ഷിതവും പിന്തുണയുള്ളതുമായ ഒരു അന്തരീക്ഷം വളർത്തിയെടുക്കേണ്ടതുണ്ട്. സാമൂഹിക, സാമ്പത്തിക, സാഹചര്യങ്ങൾ കാരണം 15 ശതമാനത്തോളം ഗർഭിണികൾ സംസ്ഥാനത്ത് പ്രതിസന്ധികൾ നേരിടുന്നുണ്ടെന്നാണ് കണക്ക്. കൂടാതെ ശരിയായ പരിചരണത്തിലും രക്ഷാകർതൃത്വത്തിലും അമ്മമാരെ ബോധവൽക്കരിക്കേണ്ടതുമാണെന്ന് അദ്ദേഹം പറഞ്ഞു.ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ യുണിസെഫ് പ്രതിനിധി കൗഷിക് ഗാംഗുലി വിഷയാവതരണം നടത്തി.

കമ്മിഷൻ അംഗം ബി.മോഹൻ കുമാർ അധ്യക്ഷനായി. കെ.കെ.ഷാജു സ്വാഗതവും ഡോ. എഫ്. വിൽസൺ നന്ദിയും ആശംസിച്ചു. ഐ.എ.പി പ്രസിഡന്റ് ഡോ. റിയാസ് ശിശുപരിചരണവും ഉത്തരവാദിത്ത രക്ഷാകർതൃത്വം എന്ന വിഷയവും ഗൈനക്കോളജിസ്റ്റ് ഡോ. എൻ.ആർ. റീന ഗർഭകാലഘട്ടത്തിലെ പരിചരണവും സംരക്ഷണവും സംബന്ധിച്ച് കുടുംബാംഗങ്ങൾക്കുള്ള ബോധവത്കരണം എന്ന വിഷയവും അവതരിപ്പിച്ചു.സൈക്യാട്രി വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. മോഹൻ റോയ് ഗർഭസ്ഥരായ സ്ത്രീകളുടെ മാനസികാരോഗ്യം എന്ന വിഷയം അവതരിപ്പിച്ചു.

തുടർന്ന് പൊതുചർച്ചയും അവലോകനവും നടന്നു. കമ്മിഷൻ അംഗങ്ങളായ സുനന്ദ എൻ, സിസിലി ജോസഫ്, ജലജമോൾ റ്റി.സി. എന്നിവർ മോഡറേറ്റർമാരായി. സർക്കാർ മേഖലയിലെ ഗൈനക്കോളജിസ്റ്റുകൾ, മാനസികാരോഗ്യവിദഗ്ധർ, ശിശുരോഗ വിദഗ്ധർ തുടങ്ങിയർ യോഗത്തിൽ പങ്കെടുത്തു.

# വനിത വികസന കോർപറേഷന്റെ ലാഭ വിഹിതം മുഖ്യമന്ത്രിയ്ക്ക് കൈമാറി

സംസ്ഥാന വനിത വികസന കോർപറേഷന്റെ 2023-24 സാമ്പത്തിക വർഷത്തെ ലാഭ വിഹിതം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണ ജോർജിന്റെ സാന്നിധ്യത്തിൽ വനിത വികസന കോർപറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടിയാണ് ലാഭ വിഹിതം മുഖ്യമന്ത്രിയ്ക്ക് കൈമാറിയത്. കോർപറേഷന്റെ 2023-24 സാമ്പത്തിക വർഷത്തെ ലാഭം 11.07 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ ലാഭ വിഹിതമായ 1,15,61,085 രൂപയുടെ ചെക്കാണ് കൈമാറിയത്.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി വനിത വികസന കോർപറേഷൻ വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ സാമ്പത്തിക വർഷം 36,105 വനിതകൾക്ക് 340 കോടി രൂപയുടെ വായ്പയാണ് വിതരണം ചെയ്തത്. ഇതിലൂടെ ഒരു ലക്ഷത്തിലധികം വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കാനായി. തിരിച്ചടവിലും ഗണ്യമായ പുരോഗതി നേടാൻ കോർപറേഷനായി.

വായ്പ വിതരണത്തിന് പുറമെ, സ്ത്രീ ശാക്തീകരണത്തിന് വേണ്ടി നിരവധി പദ്ധതികളും കോർപറേഷൻ അവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വനിതാ ഹോസ്റ്റലുകൾ, വിദ്യാർത്ഥിനികൾക്കും യുവതികൾക്കും ഷീ പാഡ്, എം കപ്പ് വിതരണ പദ്ധതി, സംരംഭകത്വ വികസന പരിശീലനം, തൊഴിൽ നൈപുണ്യ പരിശീലനം, നഴ്സുമാർക്ക് വിദേശത്ത് അവസരമൊരുക്കുന്നതിനുള്ള അപ് സ്കിലിങ് പരിശീലനം, വിമൻ ഹെൽപ് ലൈൻ തുടങ്ങി വിവിധ പദ്ധതികൾ നടത്തുന്നു.

ഇതിലൂടെ പ്രതിവർഷം 5 ലക്ഷത്തിലധികം സ്ത്രീകളിലേക്ക് വിവിധ സേവനങ്ങൾ എത്തിക്കുന്നുണ്ട്.വനിത വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ബിന്ദു വി.സി., ഡയറക്ടർമാരായ ഷൈല സുരേന്ദ്രൻ, അനിത ടി.വി., പ്രകാശിനി വി.കെ., പെണ്ണമ്മ തോമസ്, ഗ്രേസ് എം.ഡി., ഷീബ ലിയോൺ എന്നിവർ സന്നിഹിതരായിരുന്നു.

# ഡൊമിസിലിയറി നഴ്സിങ് കെയർ ഡിപ്ലോമ: ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യാം

സ്കോൾ-കേരള മുഖേന സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും സഹകരണത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ് രണ്ടാം ബാച്ചിലേക്കുള്ള (2025) പ്രവേശന തീയതി നീട്ടി. 100 രൂപ പിഴയോടെ ഏപ്രിൽ 15 വരെ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗ്ഗനിർദേശങ്ങൾക്ക് www.scolekerala.org സന്ദർശിക്കുക. ഓൺലൈനായി ഇതിനകം രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം സംസ്ഥാന/ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കണം.

# എസ് ഡി ജി ഡാഷ്ബോർഡും സ്റ്റേറ്റ് ഇൻഡിക്കേറ്റർ ഫ്രെയിംവർക്കും മുഖ്യമന്ത്രി പ്രകാശനം ചെയ്തു

സംസ്ഥാനത്തു സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ വികസിപ്പിച്ച എസ്ഡിജി ഡാഷ്ബോർഡും സ്റ്റേറ്റ് ഇൻഡിക്കേറ്റർ ഫ്രെയിംവർക്കും മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. 2024 ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച എസ് ഡി ജി ഇന്ത്യ ഇൻഡക്സ് 2023-24ൽ കേരളം നാലാം തവണയും ഒന്നാം സ്ഥാനം നിലനിർത്തി. 2018 മുതൽ ഈ സൂചികയിൽ തുടർച്ചയായി ഒന്നാമതെത്തുന്ന ഏക സംസ്ഥാനം കേരളമാണ്. പ്രസ്തുത ഡാഷ്ബോർഡിൽ 17 ലക്ഷ്യങ്ങളും 169 അനുബന്ധ ലക്ഷ്യങ്ങളും ബന്ധപ്പെട്ട സൂചകങ്ങളും അവയുടെ 2016 മുതലുള്ള ഡാറ്റയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സൂചകത്തിന്റെയും കൃത്യമായ പുരോഗതി മനസിലാക്കുവാനും അതനുസരിച്ചുള്ള പദ്ധതികൾ തയാറാക്കാനും മറ്റു അക്കാദമിക ആവശ്യങ്ങൾക്കും അനുയോജ്യമായ രീതിയിലാണ് ഡാഷ്ബോർഡ് തയ്യാറാക്കിയിരിക്കുന്നത്. സമസ്ത മേഖലകളിലെയും വിവരങ്ങൾ ഈ ഡാഷ്ബോർഡിൽ നിന്ന് ലഭ്യമാകുന്നത് വഴി സംസ്ഥാനത്തിന് കൃത്യമായ മോണിറ്ററിങ്ങിലൂടെ സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിലേക്ക് എത്താൻ കഴിയും.

